# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ്, പടന്നക്കാട് പി.ഒ.,
കാസറഗോഡ് ജില്ല, പിൻ: 671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, ഫാക്സ്: 91 467 2284099,

E-mail: coapad@kau.in


150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

നമ്പർ: ജി1-56/2020 തീയ്യതി: 07.03.2020

## ദർഘാസ് /ലേല പരസ്യം

കാർഷിക കോളേജ് പടന്നക്കാടിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാമിലെ പടന്നക്കാട് (യൂണിറ്റ്-1), കരുവാച്ചേരി (യൂണിറ്റ്-2), എന്നീ ഫാമുകളിലെ വിവിധ ബ്ലോക്കുകളിൽ ഉഴവു ജോലിക്ക് താൽപര്യമുള്ള ട്രാക്ടർ ഡ്രൈവർമാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ട്രാക്ടർ ഉപയോഗിച്ച് ഉഴവു ജോലി, ചരക്ക് കടത്ത് ജോലി എന്നിവ ചെയ്യുന്നതിന് ആവശ്യമായ ദിവസക്കൂലി എത്രയെന്ന് വെള്ളക്കടലാസിൽ എഴുതി ഒപ്പിട്ടു സീൽ ചെയ്ത കവറിൽ 23/3/2020-ന് 3 മണിക്ക് മുമ്പായി അസോസിയേറ്റ് ഡീൻ, കാർഷിക കോളേജ് പടന്നക്കാട് എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

ദർഘാസിനോടൊപ്പം 1500/- രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. കൃത്യ സമയത്തു കിട്ടിയ ദർഘാസുകൾ അതേ ദിവസം 3.30 നു തന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞതും സ്വീകാര്യവുമായ നിരക്ക് അംഗീകരിക്കുന്നതുമായിരിക്കും.

അംഗീകരിക്കപ്പെട്ട ദർഘാസ് സമർപ്പിച്ച വ്യക്തി നടപ്പ് സാമ്പത്തിക വർഷം തുടർച്ച യായി സേവനം ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനായി 10 രൂപ മുദ്രപത്രത്തിൽ ഒരു സമ്മത പത്രം എഴുതി നൽകേണ്ടതാണ്. വിജയിയായ ദർഘാസുകാരൻ അറിയിപ്പ് കിട്ടി 3 ദിവസത്തിനകം ജോലി ആരംഭിക്കേണ്ടതും സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥന്മാർ നിഷ്കർഷിക്കുന്ന ജോലികൾ ഈ ഫാമിലുള്ള മറ്റ് വസ്തുവകകൾക്ക് ഒന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതുമാണ്.

വരുമാന നികുതി ബാധകമാകുന്ന സാഹചര്യത്തിൽ നിലവിലുള്ള നിരക്ക് ഈടാക്കുന്നതായിരിക്കും. ജോലി ചെയ്തതിനുള്ള പ്രതിഫലം ബില്ലു തന്നാൽ ചെക്കായി/ഓൺലൈൻ ട്രാൻസ്ഫർ മുഖേന നൽകുന്നതായിരിക്കും.

താമസിച്ച് ലഭിച്ചതോ വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതോ ആയ ദർഘാസുകൾ തിരസ്ക്കരിക്കുന്നതാണ്. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്

സർക്കാർ ദർഘാസിൽ/ലേലത്തിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 3 മണിവരെ ദർഘാസ് സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതുമാണ്.

മറ്റ് വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയത്ത് അന്വേഷിക്കാവുന്നതാണ്. ഫോൺ നമ്പറുകൾ: 2280616, (IF-I 0467 2281966), (IF-II 0467 2280358).

ഒപ്പ്
ഡോ. പി ആർ സുരേഷ്
അസോസ്സിയേറ്റ് ഡീൻ

സ്വീകർത്താവ്

1. നോട്ടീസ് ബോർഡ് ഫാം/ കോളേജ്
2. ഓഫീസർ ഇൻചാർജ്ജ് ഫാം
3. വെബ്ബ്സൈറ്റ്

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ